**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **07-10-2024 - ൽ മറുപടിയ്ക്ക്**

**പി. എസ്. സി. പരീക്ഷാഹാളിൽ ക്ലോക്ക് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി. എസ്. സി. പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാസമയത്ത് ഏതെങ്കിലും തരത്തിലുള്ള വാച്ച് അനുവദനീയമാണോ; സ്മാർട്ട് വാച്ച് ഒഴികെയുള്ള വാച്ചുകൾ അനുവദിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | വാച്ചുകൾ സ്മാർട്ട് വാച്ചാണോ, സാധാരണ വാച്ചാണോ എന്ന് കണ്ടുപിടിക്കുന്നതിന് നിലവിൽ സംവിധാനമില്ലാത്തതിനാൽ ഒരു തരം വാച്ചുകളും അനുവദിക്കാനാവാത്ത നിലയാണുള്ളത്. |
| (ബി) | പി.എസ്.സി. പരീക്ഷാസെന്ററുകളിലെ എല്ലാ ഹാളുകളിലും ക്ലോക്ക്, സമയമറിയുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ എന്നിവ ഒരുക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇവ സജ്ജമാക്കി നൽകാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് സമയനിഷ്ഠയോടെ പരീക്ഷയെഴുതുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സമയമറിയുന്നതിനായി പരീക്ഷ ആരംഭിച്ചതിനു ശേഷം ഓരോ അരമണിക്കൂറിലും, കൂടാതെ പരീക്ഷ അവസാനിക്കുന്നതിന് 5 മിനിട്ട് മുൻപും warning bell അടിക്കുന്നതിനുള്ള ക്രമീകരണങ്ങൾ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും ചെയ്യുന്നുണ്ട്. |
| (സി) | പി.എസ്.സി. പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് വാച്ച് ഒഴികെയുള്ള വാച്ച് അനുവദിക്കുന്നതിനും സെന്ററുകളിലെ ഓരോ ഹാളിലും ക്ലോക്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ